പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3994

25.06.2014- ൽ മറുപടിക്ക്

## മായം ചേർത്ത വെളിച്ചെണ്ണ പിടിച്ചെടുക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. എ. അസീസ്<br>" കോവൂർ കുഞ്ഞുമോൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മായം ചേർത്ത വെളിച്ചെണ്ണ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കൃത്രിമ വെളിച്ചെണ്ണ ഫുഡ് സേഫ്റ്റി അതോറിറ്റി പിടിച്ചെടുത്തിട്ടുണ്ടോ; എത്ര ലിറ്റർ എവിടെ നിന്നെല്ലാം; | ബി) | ഇല്ല. |
| സി) | എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; പ്രതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | സി) | 2 കേസ്സുകളാണ് രജിസ്റ്റർ ചയ്തിട്ടുള്ളത്. പി.ബി.അൻസർ, മറ്റത്തിൽ ഹൗസ്, ചുള്ളിക്കൽ പിഒ, കോന്നിയിൽ പ്രവർത്തിക്കുന്ന കെ.പി. പ്രോവിഷൻ സ്റ്റോർ ഉടമ നിസാർ. ഇ, ജീലാന മൻസിൽ, അടൂർ പിഒ എന്നീ വ്യക്തികൾക്കെതിരെയാണ്.കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| ഡി) | വെളിച്ചെണ്ണയുടെ സംശുദ്ധി ഉറപ്പ് വരുത്തുന്നതിനും പായ്ക്ക് ചെയ്ത വെളിച്ചെണ്ണകളിൽ മായം ചേർത്തിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിനും ഫുഡ് സേഫ്റ്റി അതോറിറ്റി എന്തൊക്കെ . നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ? | ഡി | സംസ്ഥാന വ്യാപകമായി ശേഖരിച്ച 591 സാമ്പിളുകൾ പരിശോധിച്ചതിൽ 2 എണ്ണം മായം ചേർത്തതായും 2 എണ്ണം നിശ്ചിത നിലവാരം പുലർത്താത്തതുമായി കണ്ടെത്തിയിട്ടുണ്ട് മായം ചേർത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടിയും നിശ്ചിത നിലവാരം പുലർത്താത്ത വെളിച്ചെണ്ണ വിറ്റവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ